മാതൃഭൂമി
Mathrubhumi Online

Friday, 28th December 2007
www.Mathrubhumi.com

# പുത്തൻകുരിശ് അഖില മലങ്കര സുവിശേഷ യോഗം

## സത്യവിശ്വാസത്തിലൂടെ ആത്മരക്ഷ കൈവരിക്കാം: മാർ ക്രിസോസ്റ്റമോസ്

കോലഞ്ചേരി: സത്യവിശ്വാസത്തിലൂടെ മാത്രമേ ആത്മരക്ഷയും സമൂഹരക്ഷയും കൈവരിക്കാനാവൂ എന്ന് പൗരസ്ത്യ സുവിശേഷ സഹായ മെത്രാപ്പോലീത്ത മർക്കോസ് മാർ ക്രിസോസ്റ്റമോസ് പുത്തൻകുരിശിൽ പറഞ്ഞു. അഖില മലങ്കര സുവിശേഷ യോഗത്തിന്റെ രണ്ടാം ദിവസം പാത്രിയർക്കാ സെന്ററിൽ നടന്ന യോഗത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു മെത്രാപ്പോലീത്ത.

ഇന്നത്തെ സമൂഹം സ്വാർഥവത്കരിക്കപ്പെട്ട് ഉദ്ദേശ്യശുദ്ധിയിൽ നിന്ന് അകലുകയാണ്. ഈശ്വരചിന്തയിലൂടെ സ്വയരക്ഷ കാംക്ഷിക്കുന്നവന് സ്വാർഥനാകാനാവില്ല. കാരണം ഒന്നുമില്ലാത്തവനെ എല്ലാമുള്ളവനാക്കുന്നവനാണ് ഈശ്വരൻ.

ജീവിത ചുറ്റുപാടുകളിലെ വെല്ലുവിളി ഏറ്റെടുക്കുമ്പോൾ സ്വയരക്ഷയെക്കുറിച്ചും ഈശ്വരനെക്കുറിച്ചും ബോധവാനാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ ഫാ. പൗലോസ് പാറേക്കര മുഖ്യ പ്രഭാഷണം നടത്തി. യോഗത്തിൽ മെത്രാപ്പോലീത്തമാരായ കുര്യാക്കോസ് മാർ തെയോഫിലോസ്, ജോസഫ് മാർ ഗ്രിഗോറിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, എബ്രഹാം മാർ സേവേറിയോസ്, മാത്യൂസ് മാർ അപ്രേം, ഡോ. ആൽബർട്ട് റൗഫ്, ഇ.സി. വർഗീസ് കോർ എപ്പിസ്കോപ്പ എന്നിവരും സംബന്ധിച്ചു.

വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉപവാസ ധ്യാന യോഗം, പ്രസംഗങ്ങൾ, വൈകീട്ട് 5.30ന് സന്ധ്യാപ്രാർഥന, 6.15ന് ഡോ. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ അധ്യക്ഷ പ്രസംഗം, തുടർന്ന് ഡോ. യൂഹാനോൻ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത, ഡോ. വിൻസന്റ് ആലപ്പാട്ട് എന്നിവർ പ്രഭാഷണവും നടത്തും.

http://www.mathrubhumi.com/php/newsFrm.php?news_id=12367906&n_type=RE&category_id=4&Farc=T